LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി.കെ. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യെ ലാഭകരമാക്കുന്നതിനെ സംബന്ധിച്ചുള്ള പഠന റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തൊക്കെയാണ് പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്ന് വെളിപ്പെടുത്തുമോ;

(സി) കോർപ്പറേഷനെ മൂന്നു മേഖലകളാക്കാനും ചുമതല പ്രൊഫഷണലുകളെ ഏൽപ്പിക്കാനും നടപടി സ്വീകരിക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ടോ;

(ഡി) ഇതു സംബന്ധമായി സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി. കെ. നാണു) :

(എ) ഇല്ല. കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും, സമയബന്ധിത പരിപാടിയിലൂടെ കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി കേരള സർക്കാരിന്റെ സ്ഥാപനമായ "സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്പ്മെന്റ് തിരുവനന്തപുരം" എന്ന സ്ഥാപനത്തെ കെ.എസ്.ആർ.ടി.സി. പഠനച്ചുമതല ഏൽപ്പിച്ചിട്ടുണ്ട്.

(ബി) പഠനം പൂർത്തിയായിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

6 (*66) മണ്ഡരി രോഗബാധയെ നേരിടുന്നതിന് സാമ്പത്തിക സഹായം

ശ്രീ. പി.എസ്. സുപാൽ :
ശ്രീ. സത്യൻ മൊകേരി :
ശ്രീമതി ആർ ലതാദേവി :
പ്രൊഫ. മീനാക്ഷി തമ്പാൻ
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെങ്ങു കൃഷിയെ നശിപ്പിക്കുന്ന മണ്ഡരി രോഗബാധയെ നേരിടുന്നതിന് സാമ്പത്തിക സഹായം അനുവദിക്കണമെന്ന് കേന്ദ്രസമിതി ശുപാർശ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര രൂപയുടെ സഹായം ആണ് ശുപാർശ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഈ രോഗം നിയന്ത്രിക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാം; എത്ര രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ)&(ബി) കേന്ദ്രസമിതിയുടെ റിപ്പോർട്ട് സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടില്ല.

(സി) മണ്ഡരി കീടബാധ നിയന്ത്രിക്കുന്നതിന് ഒരു മരുന്നുതളി പദ്ധതിക്ക് രൂപം നൽകി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. കീടബാധയേറ്റ തെങ്ങുകളിൽ രാസകീടനാശിനിയോ/ജൈവകീടനാശിനിയോ ഉപയോഗിച്ച് മരുന്ന് തളിക്കുന്നതിന് തെങ്ങൊന്നിന് 6 രൂപ (മരുന്നിന്റെ വിലയും കൂലിചെലവും അടക്കം) സബ്സിഡിയായി കൃഷിവകുപ്പ് നൽകുന്നു. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തെങ്ങൊന്നിന് 3 രൂപ കൂലിചെലവിനത്തിൽ നൽകുന്നുണ്ട്. കൃഷിവകുപ്പ് ഇതിനായി 19.61 കോടി രൂപ ജില്ലകൾക്ക് നൽകിയിട്ടുണ്ട്.

7 (*67) മണ്ഡരി രോഗബാധ നേരിടുന്നതിന് നടപടി

ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ.എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :

ശ്രീ. സി.എഫ്. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെങ്ങുകളുടെ മണ്ഡരി രോഗബാധ നേരിടുന്നതിന് ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും മരുന്നു തളിക്കുന്ന പ്രക്രിയ ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ ജില്ലകളിലാണ് ഈ രോഗം വ്യാപിച്ചിട്ടുള്ളതെന്നും രോഗപ്രതിരോധത്തിനുവേണ്ടി ഓരോ ജില്ലയിലും എന്തു തുക അനുവദിച്ചുവെന്നും വിശദമാക്കുമോ;

(സി) മണ്ഡരി രോഗത്തെപ്പറ്റി പഠിക്കുന്നതിന് കേന്ദ്ര പഠന സംഘം സംസ്ഥാനത്ത് പര്യടനം നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ അവരുടെ പഠനത്തിന്റെ ഫലം എന്തായിരുന്നുവെന്നും കേന്ദ്രസർക്കാരിൽ നിന്ന് ധനസഹായമായി എന്തു തുക ലഭിച്ചുവെന്നും അറിയിക്കുമോ;

(ഇ) മണ്ഡരി രോഗബാധ തെങ്ങിന്റെ ഉല്പാദന ക്ഷമതയെ ബാധിക്കുമെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ ഏതു അളവിലാണെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) മണ്ഡരി കീടബാധ നിയന്ത്രിക്കുന്നതിന് സാമൂഹ്യാടിസ്ഥാനത്തിൽ മരുന്നുതളി പദ്ധതിക്ക് രൂപം നൽകി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. കീടബാധയേറ്റ തെങ്ങുകളിൽ മരുന്നുതളിക്കുന്നതിന് തെങ്ങൊന്നിന് 6 രൂപ കൃഷി വകുപ്പും 3 രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നൽകുന്നതാണ്. മരുന്നുതളി പുരോഗമിച്ചു വരുന്നു.

(ബി) തൃശ്ശൂർ, എറണാകുളം, പാലക്കാട്, ആലപ്പുഴ, മലപ്പുറം, ജില്ലകളിലാണ് കൂടുതൽ ഉള്ളത്. ഓരോ ജില്ലയ്ക്കും അനുവദിച്ച തുക ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly